**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** | **02-02-2026 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് നയരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | നശിച്ചുകൊണ്ടിരിക്കുന്ന വനങ്ങളെ സംരക്ഷിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | **നശിച്ചുകൊണ്ടിരിക്കുന്ന വനങ്ങളെ സംരക്ഷിക്കുന്നതിനായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് വിവിധ വനസംരക്ഷണ പ്രവർത്തനങ്ങളായ പ്രക്ഷീണ വനങ്ങളുടെ (Degraded Forests) പുനരുജ്ജീവനം, കാട്ടുതീയിൽ നിന്ന് സംരക്ഷണം, അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.**<br><br>**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല- ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പ് വരുത്തുന്നതിനുമായി വനാന്തരങ്ങളിലെ കുളങ്ങൾ, ചെക്ക് ഡാമുകൾ, മറ്റ് ജലസംഭരണികൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്തും, തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും, ഭക്ഷണലഭ്യത ഉറപ്പ് വരുത്തി വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ കേരള വനംവകുപ്പ് "Mission Food, Fodder and Water” എന്ന പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് നയരേഖ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്; 17.12.2021-ലെ സ.ഉ.(എം.എസ്).29/2021-വനം പ്രകാരം സ്വാഭാവിക വന പുനഃസ്ഥാപന നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്വാഭാവിക വനത്തിനും, പരിസ്ഥിതിക്കും ദോഷം വരുത്തുന്ന അധിനിവേശ സസ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ** |

| | | | |
|---|---|---|---|
| | | | **സസ്യങ്ങളെ നീക്കം ചെയ്ത് ഇക്കോ റെസ്റ്റോറേഷൻ നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്.** |
| (സി) | ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായതും വ്യാവസായികാടിസ്ഥാനത്തിൽ കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, മാഞ്ചിയം, മഞ്ഞക്കൊന്ന തുടങ്ങിയ വൃക്ഷങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനത്തിന്റെ പുനഃസ്ഥാപനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | **ഉണ്ട്; 17.12.2021-തീയതിയിലെ സ.ഉ. (എം.എസ്)/29/2021-വനം പ്രകാരം പരിസ്ഥിതിക്കും ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് വട്ട, ഈട്ടി, മരുത്, പാല, ആഞ്ഞിലി, മലവേപ്പ് തുടങ്ങിയ പ്രാദേശികയിനം മരങ്ങളും, തദ്ദേശീയ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുകവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ അംഗീകൃത വർക്കിംഗ് പ്ലാൻ ശിപാർശ ചെയ്തിട്ടുള്ള വനപ്രദേശങ്ങളിലും ഇക്കോ റെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തി സ്വാഭാവിക വനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ മഞ്ഞക്കൊന്ന ഉൻമൂലനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ